പതിമൂന്നാം കേരള നിയമസഭ
രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 5839 27.10.2011 – ൽ മറുപടിയ്ക്ക്

## മംഗൽപാടി പഞ്ചായത്ത് സ്വർണ്ണഗിരി തോടിനു കുറുകെ വി.സി.ബി. നിർമ്മാണം

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ. പി.ബി.അബ്ദുൾ റസാക് | | ശ്രീ. കെ.പി.മോഹനൻ (കൃഷിയും മൃഗ സംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി) |
| എ) മഞ്ചേശ്വരം മണ്ഡലത്തിലെ മംഗൽപാടി പഞ്ചായത്ത് സ്വർണ്ണഗിരി തോടിനു കുറുകെ ഒരു വി.സി.ബി. നിർമ്മിക്കണമെന്നാവശ്യപ്പെട്ടുകൊണ്ടുള്ള നിവേദനം ലഭിച്ചിട്ടുണ്ടോ;<br>(ബി) എങ്കിൽ അതിൻമേൽ സ്വീകരിച്ച നടപടി സംബന്ധിച്ച് വിശദമാക്കാമോ;<br>(സി) ഈ പദ്ധതി ആർ.ഐ.ഡി.എഫ്-ൽ ഉൾപ്പെടുത്തി കേരള ലാന്റ് ഡവലപ്മെന്റ് കോർപ്പറേഷന് സെക്ടറൽ അലോക്കേഷൻ നൽകുമോ;<br>(ഡി) എത്രയുംവേഗം ഇത് ഏറ്റെടുത്ത് നടപ്പാക്കാൻ നടപടി സ്വീകരിക്കുമോ? | (എ) യും (ബി) യും (സി) യും (ഡി) യും. | മഞ്ചേശ്വരം മണ്ഡലത്തിലെ മംഗൽപാടി പഞ്ചായത്ത് സ്വർണ്ണഗിരി തോടിനു കുറുകേ വി.സി.ബി. നിർമ്മിക്കുന്നതിനുള്ള ഒരു പദ്ധതി നിർദ്ദേശം തയ്യാറാക്കി RIDF XVII-ൽ ഉൾപ്പെടുത്താൻ വേണ്ടി കെ.എൽ.ഡി.സി സർക്കാരിൽ സമർപ്പിക്കുകയുണ്ടായി. എന്നാൽ RIDF XVII-ൽ കെ.എൽ.ഡി.സി-യ്ക്ക് സെക്ടറൽ അലോക്കേഷൻ അനുവദിച്ചിട്ടില്ലാത്തതിനാലും ഇപ്പോൾ കെ.എൽ.ഡി.സി ഏറ്റെടുത്തു നടപ്പിലാക്കിവരുന്ന പദ്ധതികളുടെ പുരോഗതി തൃപ്തികരമല്ലാത്തതിനാലും ഈ പദ്ധതി നബാർഡിന്റെ പരിഗണനയ്ക്ക് സമർപ്പിക്കേണ്ടതില്ലായെന്നാണ് 26-8-2011 ലെ എസ്.എൽ.ഇ.സി യോഗം തീരുമാനിച്ചത്. |

സെക്ഷൻ ഓഫീസർ